# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ . *163      3/10/2011 ൽ മറുപടിക്ക്

## പോലീസിൽ സി.ബി.ഐ. മാതൃകയിൽ വിദഗ്ദ്ധ വിഭാഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ:<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.എം.എ. വാഹീദ്:<br>ശ്രീ. ലൂഡി ലൂയിസ്: | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
|---|---|
| (എ) പോലീസിൽ പ്രത്യേക അന്വേഷണത്തിന് സി.ബി.ഐ മാതൃകയിൽ വിദഗ്ദ്ധ വിഭാഗം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br>(ബി) ഇതു സംബന്ധിച്ച് കോടതി നിർദ്ദേശങ്ങൾ നിലവിലുണ്ടോ;<br>(സി) വിദഗ്ദ്ധ വിഭാഗത്തിന്റെ ഘടനയെയും ലക്ഷ്യങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കാമോ? | (എയും , ബിയും സിയും) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16.02.2011 -ൽ പുറപ്പെടുവിച്ച WP(C) നം. 685/2011 -ന്റെ വിധിന്യായത്തിൽ ഡെൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ആക്റ്റ്, 1946 മാതൃകയിൽ സംസ്ഥാനത്തെ പോലീസ് സേനയിൽ ' സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷൻ' എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്നതിനെ സംബന്ധിച്ചു ആലോചന നടത്തുവാനും അനുയോജ്യ പരിഹാര നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച് സ്റ്റേറ്റ് പോലീസ് ചീഫിൽ നിന്നുള്ള ഇടക്കാല റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ